പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5624 27.03.2018-ലെ മറുപടിക്ക്

**ബാങ്ക് കൺസോർഷ്യത്തിൽ നിന്നും കെ.എസ്.ആർ.ടി.സി. എടുക്കുന്ന വായ്പ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അടൂർ പ്രകാശ് | ശ്രീ. എ.കെ. ശശീന്ദ്രൻ (ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ബാങ്കുകളുടെ കൺസോർഷ്യത്തിൽ നിന്നും 3500 കോടി രൂപയുടെ വായ്പയ്ക്ക് കെ.എസ്.ആർ.ടി.സി. അപേക്ഷ നൽകിയിട്ടുണ്ടോ; | (എ) | ബാങ്കുകളുടെ കൺസോർഷ്യത്തിൽ നിന്നും 3350 കോടി രൂപ വായ്പ എടുക്കുന്നതിനായി കെ.എസ്.ആർ.ടി.സി അപേക്ഷ നൽകിയിട്ടുണ്ട്. |
| (ബി) | ഏതൊക്കെ ബാങ്കുകളാണ് കൺസോർഷ്യത്തിൽ ഉൾപ്പെട്ടിട്ടുള്ളതെന്ന് അറിയിക്കാമോ; | (ബി) | എസ്.ബി.ഐ., വിജയബാങ്ക്, കാനറ ബാങ്ക് എന്നീ ബാങ്കുകൾ sanction letter നല്കിയിട്ടുണ്ട്. ആന്ധ്ര ബാങ്ക്, ലക്ഷ്മി വിലാസ് ബാങ്ക്, കെ.ടി.ഡി.എഫ്.സി. എന്നിവയുമായി ചർച്ച നടക്കുന്നു. |
| (സി) | എന്തൊക്കെ ഉപാധികളാണ് വായ്പ അനുവദിക്കുന്നതിന് ബാങ്കുകളുടെ കൺസോർഷ്യം മുന്നോട്ട് വച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (സി) | സർക്കാർ ഗ്യാരന്റിയും കെ.എസ്.ആർ.ടി.സി വക വസ്തുക്കളുടെ ഈടും കെ.എസ്.ആർ.ടി.സി ഡിപ്പോകളുടെ പ്രതിദിന വരുമാനവുമാണ് നിലവിൽ ഉപാധികളായി ബാങ്കുകളുടെ കൺസോർഷ്യം ആവശ്യപ്പെട്ടിരിക്കുന്നത്. |
| (ഡി) | പ്രസ്തുത വായ്പ ഉപയോഗിച്ച് കെ.എസ്.ആർ.ടി.സി നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്നറിയിക്കുമോ? | (ഡി) | നിലവിലുള്ള, പലിശ കൂടിയതും കുറഞ്ഞ കാലാവധി ഉള്ളതുമായ, വായ്പകൾ പൂർണ്ണമായും അടച്ചുതീർക്കുന്നതിനായി വിനിയോഗിക്കുന്നതാണ്. പുതിയ വായ്പ ലഭ്യമാകുന്നതോടെ വായ്പാതിരിച്ചടവിനത്തിൽ പ്രതിമാസം 60 കോടി രൂപ മിച്ചംപിടിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ